"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് - ശ്രീ. പി.എസ്. രാജീവിന് കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടർ ബോർഡിൽ അംഗമായും മാനേജിംഗ് ഡയറക്ടറായും പുനർനിയമന വ്യവസ്ഥയിലുള്ള നിയമന കാലാവധി 31-12-2022 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(കൈ) നം.114/2022/AGRI തീയതി,തിരുവനന്തപുരം, 23-12-2022

---

പരാമർശം:- സ.ഉ. (കൈ) നം. 118/2021/കൃഷി തീയതി 31-12-2021

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറായി നിയമിതനായ ശ്രീ.പി.എസ്.രാജീവിന്റെ നിയമന കാലാവധി 30.12.22 ന് അവസാനിക്കുന്ന സാഹചര്യത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഡയറക്ടർ ബോർഡിന്റെ 02.11.2022 ലെ 3234-ാം നമ്പർ പ്രമേയ പ്രകാരം മാനേജിംഗ് ഡയറക്ടറായി ടിയാന്റെ നിയമന കാലാവധി 31.12.2022 മുതൽ ഒരു വർഷത്തേയ്ക്ക് വീണ്ടും നീട്ടി നല്കുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിൻപ്രകാരം, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ നിലവിൽ ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറായുമുള്ള ശ്രീ. പി.എസ്. രാജീവിന്റെ പുനർനിയമന വ്യവസ്ഥയിലുള്ള നിയമന കാലാവധി 31.12.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
സെക്രട്ടറി

To

മാനേജിംഗ് ഡയറക്ടർ, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

ശ്രീ.പി.എസ്. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

ഡയറക്ടർ ബോർഡിലെ എല്ലാ ഡയറക്ടർമാർക്കും (കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, എം.ഡി. മുഖേന).

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1267 തീയതി 21-12-2022).
വെബ് & ന്യൂ മീഡിയ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി. (E.2251595).

ഉത്തരവിൻ പ്രകാരം

**Signed by Premchand C P**
**Date: 26-12-2022 11:43:23**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-12-2022

ഫയൽ നം. അഗ്രി-പി.യു.3/298/2022/അഗ്രി. ഇനം നം: 1267

വിഷയം : കൃഷി വകുപ്പ് - കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് - ശ്രീ. പി. എസ്. രാജീവിനെ കെ.എൽ.ഡി.സി. ഡയറക്ടർ ബോർഡിൽ അംഗമായും മാനേജിംഗ് ഡയറക്ടറുമായും പുനർനിയമന വ്യവസ്ഥയിൽ നിയമന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി വകുപ്പ്.

1267

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | അഗ്രി-പി.യു.3/298/2022-അഗ്രി |
| 2 | വകുപ്പ് | കൃഷി (പി.യു.) വകുപ്പ്. |
| 3 | വിഷയം | കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് - ശ്രീ. പി.എസ്. രാജീവിനെ കെ.എൽ.ഡി.സി ഡയറക്ടർ ബോർഡിൽ അംഗമായും മാനേജിംഗ് ഡയറക്ടറുമായും പുനർനിയമന വ്യവസ്ഥയിൽ നിയമന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25-11-2022 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യത ഉള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ജെസ്സി ജോർജ്ജ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. ബി. അശോക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 14-12-2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16-12-2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പി. പ്രസാദ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 16-12-2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 19-12-2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറുമായുള്ള ശ്രീ. പി.എസ്. രാജീവിന്റെ സേവനം 31.12.2022 മുതൽ ഒരു വർഷത്തേയ്ക്ക് പുനർനിയമന വ്യവസ്ഥയിൽ ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ പ്രതിപാദ്യവിഷയം.

2) കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന ശ്രീ.രാജീവ്.പി.എസ്.നെ 08/09/2016-ലെ സ.ഉ. (സാധാ.) നമ്പർ.778/2016/അഗ്രി ഉത്തരവ് പ്രകാരം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറുമായി ഒരു വർഷത്തെ കാലാവധി നിശ്ചയിച്ച് നിയമിച്ച് ഉത്തരവാകുകയുണ്ടായി അന്യത്ര സേവന വ്യവസ്ഥയിലുള്ള ടിയാന്റെ സേവനകാലാവധി 16/10/2017-ലെ സ.ഉ. (കൈ) നമ്പർ. 129/2017/കൃഷി പ്രകാരം 09/09/2017 മുതൽ ഒരു വർഷത്തേയ്ക്കും, 17/07/2019-ലെ സ.ഉ. (കൈ) നമ്പർ.94/2019/കൃഷി പ്രകാരം 09/09/2018 മുതൽ ഒരു വർഷത്തേയ്ക്കും, 06/12/2019-ലെ സ.ഉ. (കൈ) നമ്പർ.152/2019/കൃഷി പ്രകാരം 09/09/2019 ഒരു വർഷത്തേയ്ക്കും ദീർഘിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 7/12/2020-ലെ സ.ഉ. (കൈ) നം.93/2020/കൃഷി പ്രകാരം ശ്രീ.പി.എസ്.രാജീവിന്റെ അന്യത്ര സേവനം അദ്ദേഹത്തിന്റെ വിരമിക്കൽ തീയതിയായ 31/05/2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചു 31/05/2021-ലെ സ.ഉ.(സാധാ) നം.454/2021/കൃഷി ഉത്തരവ് പ്രകാരം ശ്രീ.പി.എസ്. രാജീവിന്റെ കെഎൽഡിസി ഡയറക്ടർ ബോർഡ് അംഗമായും മാനജിംഗ് ഡയറക്ടറുമായുള്ള നിയമന കാലാവധി 01/06/2021 മുതൽ 08/09/2021 വരെ പുനർനിയമന വ്യവസ്ഥയിൽ വിജിലൻസ് ക്ലിയറൻസിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 09/09/2021 മുതൽ ഉത്തരവ് തീയതി വരെയുള്ള ടിയാന്റെ മാനേജിംഗ് ഡയറക്ടറായുള്ള സേവനം ക്രമീകരിച്ചുകൊണ്ടും, മാനേജിംഗ് ഡയറക്ടറായുമുള്ള സേവനകാലാവധി പുനർനിയമന വ്യവസ്ഥയിൽ ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ടും, 31.12.2021 ലെ സ.ഉ (കൈ) നം.118/21/കൃഷി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) ശ്രീ.പി.എസ്.രാജീവിന്റെ നിയമന കാലാവധി 30.12.22 ന് അവസാനിക്കുന്ന സാഹചര്യത്തിൽ കെ.എൽ.ഡി.സി ഡയറക്ടർ ബോർഡിന്റെ റെസല്യൂഷൻ നമ്പർ 3234 തീയതി 02.11.2022 പ്രകാരം മാനേജിംഗ് ഡയറക്ടറായി ശ്രീ. പി.എസ്. രാജീവിന്റെ നിയമന കാലാവധി 31.12.2022 മുതൽ ഒരു വർഷത്തേയ്ക്ക് വീണ്ടും നീട്ടി നല്കുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

4) ശ്രീ. പി.എസ്. രാജീവിന്റെ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായുള്ള പുനർനിയമന കാലയളവ് 31.12.2022 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ മറ്റ് വകുപ്പുകളുടെ അഭിപ്രായം പിന്നീട് ആരായാമെന്നും, ടി വിഷയം മന്ത്രിസഭ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറായുമുള്ള ശ്രീ. പി.എസ്. രാജീവിന്റെ പുനർനിയമന വ്യവസ്ഥയിലുള്ള നിയമന കാലാവധി 31.12.2022 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകാമോ ?